# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *398     20-07-2015 -ൽ മറുപടിക്ക്

## പ്രകൃതി ദുരന്തം - പ്രവചന സംവിധാനങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എസ്.ശർമ്മ**<br>**ശ്രീ. എസ്.രാജേന്ദ്രൻ**<br>**ശ്രീ. ബി.ഡി.ദേവസ്സി**<br>**ശ്രീമതി.കെ.എസ്.സലീഖ** | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ മന്ത്രി)** |
| എ) | പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ദുരന്തനിവാരണ വകുപ്പ് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) | പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് മഴ മാപിനികൾ, ഭൂകമ്പ മാപിനികൾ തുടങ്ങിയവ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. |
| ബി) | ഇതിനായി പ്രത്യേക ഉപകരണങ്ങൾ സ്ഥാപിച്ചിട്ടിട്ടുണ്ടോ; എവിടെങ്ങളിലെല്ലാമാണ് ഇവ സ്ഥാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ഇവ സ്ഥാപിച്ചിട്ട് എത്രകാലമായി; നിലവിൽ പ്രവർത്തനക്ഷമമാണോ; | ബി) | ഉണ്ട്,വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| സി) | മുൻ സർക്കാരിന്റെ കാലത്ത് സ്ഥാപിക്കപ്പെട്ട ചില ഉപകരണങ്ങൾ ഇപ്പോൾ കാണാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | സി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ സ്ഥാപിച്ചിരുന്ന 3 VHF ഉപകരണങ്ങൾ നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. തൃശ്ശൂർ, തിരുവനന്തപുരം ജില്ലകളിൽ ഇത് സംബന്ധിച്ച് ഓരോ പോലീസ് കേസ് വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരത്ത് ഇതു സംബന്ധിച്ച് മറ്റൊരു കേസിൽ ബന്ധപ്പെട്ട തഹസിൽദാരോട് വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രകൃതി ദുരന്തങ്ങൾ മുൻകൂട്ടി അറിയുന്നതിന് ഉപകരണങ്ങൾ വാങ്ങി നൽകുകയുണ്ടായോ; ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | ഡി) | സ.ഉ(ആർറ്റി)നം.1627/2015/ഡിഎംഡി തീയതി 27/03/2015 പ്രകാരം 3.9 കോടി രൂപ ഭൂകമ്പമാപിനികൾക്കും അനുബന്ധ സംവിധാനങ്ങൾക്കുമായി സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. ഇവയ്ക്ക് പുറമെ 94.15 ലക്ഷം രൂപ ചിലവിൽ വിവിധ ആധുനിക ദുരന്ത സാദ്ധ്യത അപഗ്രഥനം നടത്തുന്നതിനാവശ്യമായ സംവിധാനം സംസ്ഥാന അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 5.96 കോടി രൂപ ചിലവിൽ അടിയന്തിരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിന്റെ വിവര വിശകലന സംവേധന സാങ്കേതിക വിദ്യ |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുന്നതിനുള്ള അനുമതിയും നൽകി യിട്ടുണ്ട്. |
| ഇ) | സ്ഥാപിക്കപ്പെട്ട ഉപകരണങ്ങൾ സമയാസമയ ങ്ങളിൽ പരിപാലിക്കപ്പെടാത്തതു കാരണം പ്രവർത്തനരഹിതമായിട്ടുണ്ടോ? | ഇ) | ഇല്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്